| | | | |
|---|---|---|---|
| പതിമൂന്നാം കേരള നിയമസഭ | | | |
| പതിനഞ്ചാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1181 | | 03.12.2015-ൽ മറുപടിക്ക് | |
| **വൊക്കേഷണൽ ഹയർ സെക്കന്ററിയിലും ഹയർ സെക്കന്ററിയിലും കോമേഴ്സ് അദ്ധ്യാപകരുടെ നിയമനം** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.സി വിഷ്ണുനാഥ് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കന്ററിയിലും ഹയർ സെക്കന്ററിയിലും കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ, സീനിയർ)എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നിലവിൽ ഒഴിവുകൾ ഒന്നുമില്ല.<br>ഹയർ സെക്കന്ററിയിൽ കൊമേഴ്സ് വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) 110 ഒഴിവുകളും, എച്ച്.എസ്.എസ്.റ്റി (സീനിയർ) 15 ഒഴിവുകളുമുണ്ട്. |
| (ബി) | എത്ര ഒഴിവുകൾ എൻ.ജെ.ഡി ആയും അല്ലാതെയും ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ എൻ.ജെ.ഡി സംബന്ധിച്ച വിവരം ലഭിച്ചു തുടങ്ങിയിട്ടില്ല.<br>എന്നാൽ ഹയർ സെക്കന്ററിയിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ 67 ഒഴിവുകൾ എൻ.ജെ.ഡി ആയും 43 ഒഴിവുകൾ അല്ലാതെയും, എച്ച്.എസ്.എസ്.റ്റി (സീനിയർ) തസ്തികയിൽ 4 ഒഴിവുകൾ എൻ.ജെ.ഡി ആയും 11 ഒഴിവുകൾ അല്ലാതെയും ഉണ്ട്. |
| (സി) | ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ; | (സി) | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ എൻ.ജെ.ഡി ഒഴിവ് സംബന്ധിച്ച വിവരം സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.<br>ഹയർ സെക്കന്ററിയിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ)-യുടെ 67 എൻ.ജെ.ഡി ഒഴിവുകളിൽ 61-ഉം എച്ച്.എസ്.എസ്.റ്റി (സീനിയർ)-യുടെ 4 എൻ.ജെ.ഡി ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി (ജൂനിയർ)-യുടെ 6 എൻ.ജെ.ഡി ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.ജെ.ഡി അല്ലാതെയുള്ള ഒഴിവുകളിൽ (എച്ച്.എസ്.എസ്.റ്റി (ജൂനിയർ) - 43, എച്ച്.എസ്.എസ്.റ്റി (സീനിയർ) - 11) ഹയർ സെക്കന്ററിയുടെ സ്പെഷ്യൽ റൂൾ പ്രകാരം സ്ഥാനക്കയറ്റം നൽകാനുള്ളത് കൊടുത്ത്, പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ശേഷിക്കുന്നവ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | റാങ്ക് ലിസ്റ്റിലുള്ള (മെയിൻ ലിസ്റ്റ്) മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; | (ഡി) | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പേർക്കും നിയമനം നൽകാൻ കഴിയുമോയെന്നത് ഇപ്പോൾ പറയാൻ കഴിയില്ല. ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത്, പി.എസ്.സി അഡ്വൈസ് ചെയ്യുന്ന മുറയ്ക്കാണ് നിയമനം നൽകുന്നത്. |
| (ഇ) | അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്തവ ജൂനിയർ/സീനിയർ (കോമേഴ്സ്) ടീച്ചർമാരുടെ കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഹയർ സെക്കന്ററിയിൽ അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത എച്ച്.എസ്.എസ്.റ്റി (ജൂനിയർ) 67 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി (സീനിയർ) 4 ഒഴിവുകളും ഉണ്ട്. പ്രസ്തുത എൻ.ജെ.ഡി ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ)-യുടെ 61 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി (സീനിയർ) - യുടെ 4 ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. എച്ച്.എസ്.എസ്.റ്റി (ജൂനിയർ)-യുടെ ശേഷിച്ച 6 എൻ.ജെ.ഡി ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**